# Deepika

## 19 August 2018

## Kochi, Flood, Rescue Operation, Fishermen from Chellanam



ചെല്ലാനത്തുനിന്നു രക്ഷാപ്രവർത്തനത്തിന് പുറപ്പെടുന്ന മത്സ്യത്തൊഴിലാളികൾ തങ്ങളുടെ വള്ളം ദുരിതബാധിത പ്രദേശത്തേക്ക് എത്തിക്കുന്നതിനായി ലോറിയിൽ കയറ്റുന്നു.

### പോലീസിനുപോലും എത്താനാകാത്തിടത്ത് രക്ഷകരായി ചെല്ലാനത്തിന്റെ മക്കൾ

**കൊച്ചി:** പോലീസിനോ അഗ്നിശമന സേനയ്ക്കോ മറ്റു രക്ഷാപ്രവർത്തകർക്കോ എത്താൻ കഴിയാതെ, പ്രളയത്തിൽ അകപ്പെട്ട് ഒറ്റപ്പെട്ട് കഴിയുന്നവരുടെ അടുത്തേക്ക് രക്ഷകരായി എത്തിയിരിക്കുകയാണ് ചെല്ലാനത്തിന്റെ മക്കൽ. ജീവൻ നഷ്ടപ്പെട്ടെന്ന് കരുതിയ നൂറുകണക്കിനു ദുരിതബാധിതരെയാണ് ജില്ലയിലെ ഉൾപ്രദേശങ്ങളിൽനിന്ന് സ്വന്തം ജീവൻ പോലും അവഗണിച്ച് ചെല്ലാനത്തു നിന്നുള്ള മത്സ്യത്തൊഴിലാളികൾ രക്ഷപ്പെടുത്തിയത്.

സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ പള്ളിത്തോട്, ചാപ്പക്കടവ്, ചെല്ലാനം പ്രദേശങ്ങളിൽ നിന്ന് ഇരുപത്തിയഞ്ചിലേറെ ബോട്ടുകളുമായി നൂറിലേറെ പേരാണ് ഇവിടെ രക്ഷാപ്രവർത്തനം നടത്തുന്നത്. കടലിൽ തിരകളോട് മല്ലടിച്ചുള്ള പരിചയം ഇവർക്ക് രക്ഷാപ്രവർത്തനത്തിൽ ഏറെ സഹായകമാകുന്നു. പത്തടിപ്പാലത്ത് പ്രവർത്തിക്കുന്ന ജില്ലാ കൺട്രോൾ റൂമിൽ രജിസ്റ്റർ ചെയ്തതിനു ശേഷമാണ് ഇവർ രക്ഷാപ്രവർത്തനരംഗത്തുള്ളത്. ഇവിടെനിന്നു ലഭിക്കുന്ന നിർദേശങ്ങൾ അനുസരിച്ചാണ് പ്രവർത്തനങ്ങൾ. ഫാ. സാംസൺ ആനിപറമ്പിൽ ആണ് ഇവർക്ക് നേതൃത്വം നൽകുന്നത്. ബോട്ടുകളിൽ നിറയ്ക്കുന്നതിനുള്ള ഇന്ധനം നൽകുന്നത് മത്സ്യഫെഡാണ്.